# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3547 22.08.2017 - ൽ മറുപടിക്ക്

**<u>മലപ്പുറം ജില്ലയിലെ സ്റ്റാഫ് നഴ്സ് (ഗ്രേഡ് II) റാങ്ക് ലിസ്റ്റ്</u>**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.ഉബൈദുള്ള** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| എ) | മലപ്പുറം ജില്ലയിലെ സ്റ്റാഫ് നഴ്സ് - ഗ്രേഡ് II (കാറ്റഗറി നം. 201/2010) റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെ എത്ര പേരെ നിയമിച്ചു; ജനറൽ, സംവരണ വിഭാഗങ്ങളിലെ നിയമന വിവരങ്ങൾ അറിയിക്കുമോ; | എ) | മലപ്പുറം ജില്ലയിലെ സ്റ്റാഫ് നഴ്സ്ഗ്രേഡ് II (കാറ്റഗറി നമ്പർ 201/2010) റാങ്ക് ലിസ്റ്റിൽ നിന്നും 212 പേർക്ക് മലപ്പുറം പി.എസ്.സി ഓഫീസിൽ നിന്നും നിയമന ശുപാർശ ലഭിക്കുകയും 197 പേർക്ക് നിയമന ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. 15 പേർക്കുള്ള നിയമന നടപടികൾ സ്വീകരിച്ചുവരുന്നു. ജനറൽ, സംവരണ വിഭാഗങ്ങൾക്ക് നൽകിയ നിയമന ശിപാർശകളുടെ റാങ്ക് വിവരം ഇതോടൊപ്പം അനുബന്ധം-I ആയി ഉള്ളടക്കം ചെയ്യുന്നു. |
| ബി) | ഈ റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്നാണ് അവസാനിക്കുന്നത്; പുതുതായി ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; പ്രസ്തുത ഒഴിവുകളിലേക്ക് ഈ ലിസ്റ്റിൽ നിന്ന് തന്നെ നിയമനം നടത്തുമോ; | ബി) | റാങ്ക് ലിസ്റ്റിന്റെ കാലാവധി 30.06.2017 ന് അവസാനിച്ചു. 29.06.2017-ന് മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസർ 59 പ്രതീക്ഷിത ഒഴിവുകൾ റിപ്പോർട്ട് ചെയ്തിരുന്നുവെങ്കിലും റിപ്പോർട്ട് ചെയ്ത proforma യിൽ Date of occurrence of vacancy വ്യക്തമായി നൽകാതിരുന്നതിനാൽ, ആയത് പരിഹരിച്ച് നൽകാൻ പി.എസ്.സി മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മറുപടി ലഭ്യമാകുന്ന മുറയ്ക്ക് പബ്ലിക് സർവ്വീസ് കമ്മീഷൻ ടി ഒഴിവുകൾ എങ്ങനെ നികത്തണം എന്ന കാര്യത്തിൽ തീരുമാനം കൈക്കൊള്ളുന്നതാണ്. |
| സി) | ആർദ്രം പദ്ധതിയിലേക്കുള്ള നഴ്സുമരെ പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും നിയമിക്കുവാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഒഴിവുകളും നിയമനവും സംബന്ധിച്ച് വിശദാംശം നൽകുമോ? | സി) | ആർദ്രം പദ്ധതി പ്രകാരം സൃഷ്ടിക്കപ്പെട്ട 51 സ്റ്റാഫ് നഴ്സ് ഗ്രേഡ് II തസ്തികയിൽ 4 ഒഴിവുകൾ അന്തർജില്ലാ സ്ഥലംമാറ്റത്തിന് നീക്കിവെച്ച് 47 ഒഴിവുകൾ പ്രസ്തുത റാങ്ക് ലിസ്റ്റ് അവസാനിക്കുന്നതിനു മുമ്പ് തന്നെ പബ്ലിക് സർവ്വീസ് കമ്മീഷനിൽ റിപ്പോർട്ട് ചെയ്യുകയും, ആയതിൽ 45 ഉദ്യോഗാർത്ഥികൾക്ക് നിയമന ശുപാർശ ലഭിക്കുകയും 30 പേർക്ക് ആർദ്രം പദ്ധതിയിൽ നിയമന ഉത്തരവ് പുറപ്പെടുവിക്കുകയും |

| | | | |
|---|---|---|---|
| | | | ചെയ്തിട്ടുണ്ട്. 15 പേർക്ക് നിയമന ഉത്തരവ് നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ആർദ്രം പദ്ധതിയിൽ ഒഴിവുകളുടെയും നിയമനവും സംബന്ധിച്ച വിവരങ്ങൾ ഇതോടൊപ്പം അനുബന്ധം-II ആയി ഉള്ളടക്കം ചെയ്യുന്നു. |

Milan

സെക്ഷൻ ഓഫീസർ

അനുബന്ധം - I

STAFF NURSE GRADE II - HEALTH SERVICES

| POST | DEPARTMENT | DOE | TOTAL ADVICE | DATE OF LAST ADVICE | DATE OF CANCELLATION/ EXHAUSTION |
|---|---|---|---|---|---|
| STAFF NURSE GRADE II | HEALTH SERVICES | 22.01.2014 | 212 | 27.07.2017 | |

| RANK UPTO WHICH ADVISED | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| OC | E | SC | ST | M | LC/AI | OBC | V | SIUCN | HINDU N | OX | D |
| 185 | 207 | 201 | ALL | 186 | 322 | 232 | 215 | SL-1 | all | 216 | SL-2 |

Milan
സെക്ഷൻ ഓഫീസർ

# അനുബന്ധം - II

| ക്രമ നം. | സ്ഥാപനം | ഒഴിവുകളുടെ എണ്ണം | നിയമനം നൽകിയവരുടെ എണ്ണം |
|---|---|---|---|
| 1 | പി.എച്ച്.സി, വഴിക്കടവ് | 2 | 2 |
| 2 | പി.എച്ച്.സി, ഒഴൂർ | 2 | 1 |
| 3 | പി.എച്ച്.സി, തിരുന്നാവായ | 2 | 2 |
| 4 | പി.എച്ച്.സി, ആലംകോട് | 2 | 1 |
| 5 | പി.എച്ച്.സി, പൊൻമള | 2 | 1 |
| 6 | പി.എച്ച്.സി, പാണ്ടിക്കാട് | 2 | 2 |
| 7 | പി.എച്ച്.സി, മൊറയൂർ | 2 | 1 |
| 8 | പി.എച്ച്.സി, അത്താണിക്കൽ | 2 | 2 |
| 9 | പി.എച്ച്.സി, പരപ്പനങ്ങാടി | 2 | 1 |
| 10 | പി.എച്ച്.സി, പുളിക്കൽ | 2 | 1 |
| 11 | പി.എച്ച്.സി, കുഴിമണ്ണ | 2 | 2 |
| 12 | പി.എച്ച്.സി, ചോക്കാട് | 2 | 1 |
| 13 | പി.എച്ച്.സി, താഴെക്കോട് | 2 | 1 |
| 14 | പി.എച്ച്.സി, കുന്നുംപുറം | 2 | 1 |
| 15 | പി.എച്ച്.സി, വട്ടംകുളം | 2 | 1 |
| 16 | പി.എച്ച്.സി, പാങ്ങ് | 2 | 1 |
| 17 | പി.എച്ച്.സി, എടയൂർ | 2 | 2 |
| 18 | ജില്ലാ ആശുപത്രി, തിരൂർ | 5 | 2 |
| 19 | താലൂക്ക് ആശുപത്രി, മലപ്പുറം | 2 | 2 |
| 20 | താലൂക്ക് ആശുപത്രി, കുറ്റിപ്പുറം | 3 | 0 |
| 21 | താലൂക്ക് ആശുപത്രി, പൊന്നാനി | 2 | 1 |
| 22 | ജില്ലാ ആശുപത്രി, പെരിന്തൽമണ്ണ | 1 | 1 |
| 23 | സി.എച്ച്.സി, കൊണ്ടോട്ടി | 4 | 1 |

Milan

സെക്ഷൻ ഓഫീസർ